(3) ആർ.എൽ.ഇ.ജി.പി.

ഈ പദ്ധതിയിൻകീഴിൽ ബ്ലോക്കിൽ ഒരു റോഡിന്റെയും 255 വീടുകളുടെയും പണി നടന്നുകൊണ്ടിരിക്കുന്നു.

(ബി) ഓരോന്നിനും ചെലവായ തുക താഴെപറയും പ്രകാരമാണ്:

1.	ട്രൈസം	0.06 ലക്ഷം രൂപ.
2.	എൻ.ആർ.ഇ.പി.	15.30 ലക്ഷം രൂപ.
3.	ആർ.എൽ.ഇ.ജി.പി.	4.55 ലക്ഷം രൂപ.

അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കു മുഖാന്തിരം അനുവദിച്ച ഐ.ആർ.ഡി.പി. ലോൺ

1337 [2368] ശ്രീ. പി. കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ആദിവാസി വികസന ബ്ലോക്കു മുഖാന്തിരം 1982–83, 1983–84, 1984–85, 1985–86 എന്നീ വർഷങ്ങളിൽ എത്ര പേർക്ക് ഐ.ആർ.ഡി.പി. ലോൺ അനുവദിച്ചിട്ടുണ്ട്;

(ബി) ഐ.ആർ.ഡി.പി. ലോണിനായി ബ്ലോക്കിൽ നിന്നും മേൽപ്പറഞ്ഞ വർഷങ്ങളിൽ എത്ര രൂപ ചെലവിട്ടിട്ടുണ്ട്?

ഉത്തരം

(എ) അട്ടപ്പാടി ആദിവാസി വികസനബ്ലോക്ക് മുഖാന്തിരം 1982–83 വർഷത്തിൽ 698 കുടുംബങ്ങൾക്കും 1983–84–ൽ 612 കുടുംബങ്ങൾക്കും 1984–85–വർഷത്തിൽ 1154 കുടുംബങ്ങൾക്കും 1985–86–ൽ 220 കുടുംബങ്ങൾക്കും ഐ.ആർ.ഡി.പി. പ്രകാരം ലോൺ അനുവദിച്ചിട്ടുണ്ട്.

(ബി) ഐ.ആർ.ഡി.പി. ലോണിനായി ബ്ലോക്കിൽനിന്നും 1982.83 വർഷത്തിൽ 9.63 ലക്ഷം രൂപയും 1983–84–ൽ 9.55 ലക്ഷം രൂപയും 1984–85 വർഷത്തിൽ 21.33 ലക്ഷം രൂപയും 1985–86 വർഷത്തിൽ 6.44 ലക്ഷം രൂപയും ചെലവിട്ടിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. അടിയന്തിര പ്രമേയം

നിത്യോപയോഗ സാധനങ്ങളുടെ ക്രമാതീതമായ വിലക്കയറ്റംമൂലം ഉളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം

മി. സ്പീക്കർ: അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വില സംസ്ഥാനത്ത് ഉടനീളം ക്രമാതീതമായി കുതിച്ചുയർന്നു കൊണ്ടിരിക്കുന്നതു നിമിത്തം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ചചെയ്യാൻ ഇന്നത്തെ സഭാ നടപടികളും നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. കെ. മുസ്സക്കുട്ടി, വി. കെ. രാജൻ, എസ്. ആർ. തങ്കരാജ്, കെ. പങ്കജാക്ഷൻ, കെ. ശങ്കരനാരായണപിള്ള എന്നീ ബഹുമാൻപ്പെട്ട അംഗങ്ങൾ രൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9.30 A.M.]

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ.യു.എ. ബീരാൻ): സർ, അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നോണ് പറയുന്നത്. അത് ശരിയല്ല. ഒന്നാമതായി ഇതിൽ പറഞ്ഞ മൂന്നാമത്തെ ഐറ്റമായ മണ്ണെണ്ണയ്ക്ക് വിലക്കയറ്റം ഉണ്ടാകേണ്ട പ്രശ്നമില്ല. മണ്ണെണ്ണയുടെ വില സ്ഥിരമാണ്. കേന്ദ്ര ഗവൺമെന്റ് തരുന്ന മണ്ണെണ്ണ നമ്മൾ ആളുകൾക്ക് വിതരണം ചെയ്യുകയാണ്. അതിന്റെ വിലയിൽ ക്രമാതീതമായ വിലക്കയറ്റത്തിന് യാതൊരു പ്രശ്നവുമില്ല. ഇതിൽ മണ്ണെണ്ണയുടെ വില കഴിഞ്ഞകൊല്ലം ലിറ്ററിന് 2 രൂപ 18 പൈസയായിരുന്നു. അത് ഇക്കൊല്ലം 2 രൂപ 32 പൈസയാണ്. ആ വർദ്ധനവ് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശം അനുസരിച്ചുള്ള വർദ്ധനവാണ്. കാരണം അവർ തരുന്ന മണ്ണെണ്ണ നമ്മുടെ നാട്ടിൽ വിതരണം ചെയ്യുകയാണ്.

സർ, വേറൊരു കാര്യം പറഞ്ഞത് പഞ്ചസാരയുടേതാണ്. പഞ്ചസാരയുടെ വില കേരളത്തിൽ കഴിഞ്ഞ കൊല്ലം 6 രൂപ 70 പൈസ ആയിരുന്നു. ഇക്കൊല്ലം അത് 5.84 രൂപ ആയി കുറഞ്ഞിരിക്കുകയാണ്. അപ്പോൾ വില കയറുകയല്ല, കുറയുകയാണ് ചെയ്തത്. റേഷൻ പഞ്ചസാരയും അതുപോലെതന്നെ നോൺ ലെവി പഞ്ചസാരയും 5.80 രൂപയ്ക്ക് കൊടുക്കുന്നുണ്ട്. അതുകൊണ്ടാണ് ഇവിടത്തെ വില 5.84 രൂപ ആയി നിൽക്കുന്നത്. ഓപ്പൺ മാർക്കറ്റിലെ വിലയാണ് 5.84 രൂപ എന്ന് ഞാൻ പറഞ്ഞതത്. 5.80 രൂപ ആണ് ലെവി ഷുഗറിനും നോൺ ലെവി ഷുഗറിനും. ആ 5.80 രൂപ പ്രകാരം കാർഡുടമകൾക്ക് കൊടുക്കുന്നുണ്ട്. ഇപ്പോൾ ധാരാളം സ്റ്റോക്കുണ്ട്. പഞ്ചസാരയെ സംബന്ധിച്ചിടത്തോളം യാതൊരു പ്രശ്നവുമില്ല.

സർ, പ്രമേയത്തിലുള്ള മൂന്ന് സാധനങ്ങളുടെ കാര്യം ആദ്യം പറയട്ടെ. മണ്ണെണ്ണയുടെ കാര്യം ആദ്യം പറഞ്ഞു. പഞ്ചസാരയുടെ വില കേരളത്തിൽ കുറഞ്ഞുവരുകയാണ്. ഇത് കർണ്ണാടകത്തിൽ കൂടിയിരിക്കുകയാണ്. അതായത് 6.4 രൂപ. അവിടെ ജനതാ പാർട്ടിയാണ് ഭരിക്കുന്നത്. പിന്നെ അരിയുടെ വില.....(ബഹളം)..... ശ്രീ. രാമകൃഷ്ണ ഹെഗ്ഡെ ഭരിക്കുന്ന കർണ്ണാടകത്തെക്കുറിച്ച് എനിക്ക് ആശയവ്യത്യാസം ഉള്ളതുകൊണ്ട് പറഞ്ഞതല്ല. മി. ചന്ദ്രശേഖരൻ അതിനെപ്പറ്റി അങ്ങനെ കരുതേണ്ട. ഞാൻ അവിടത്തെ വിലയും ഇവിടത്തെ വിലയും തമ്മിൽ കമ്പയർ ചെയ്തതാണ്. തൊട്ട് അയൽ സംസ്ഥാനമായതുകൊണ്ട് പറഞ്ഞതാണ്. പിന്നെ പ്രധാനമായിട്ട് പറഞ്ഞിട്ടുള്ളത് അരിയുടെ കാര്യമാണ്. അരിയുടെ കാര്യത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അരിയുടെ കാര്യത്തിൽ വർദ്ധനവ് ഉണ്ടാകും. കാരണം കേരളം ഒരു പ്രൊഡ്യൂസിംഗ് സ്റ്റേറ്റല്ല. ഇത് ഒരു കൺസ്യൂമിംഗ് സ്റ്റേറ്റാണ്.....(ബഹളം)..... കേരളത്തിലെ ജനങ്ങൾക്ക് ഒരു കൊല്ലത്തിൽ ഏകദേശം 32 ലക്ഷം ടൺ അരി വേണമെന്നാണ് കണക്ക്. 32 ലക്ഷം ടൺ അരിയിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് വെറും 12 ലക്ഷം ടൺ അരി മാത്രമാണ്. അത് ഇന്ന് കുറഞ്ഞുവരുകയാണ്. ബാക്കി 20 ലക്ഷം ടൺ അരിയും പുറത്തുനിന്ന് കിട്ടണം. അതിൽ 15 ലക്ഷം ടൺ അരി ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് റേഷൻ ഷോപ്പുകൾ മുഖാന്തിരം വിതരണം ചെയ്യാൻവേണ്ടി തരുന്നുണ്ട്..... .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അങ്ങേയ്ക്ക് പറയാനുള്ളത് പറയൂ.

ശ്രീ. യു. എ. ബീരാൻ: സർ, പറയാൻ അവർ അനുവദിക്കണ്ടേ. പ്രമേയത്തിൽ മൂന്ന് ഐറ്റമാണ് പറഞ്ഞിട്ടുള്ളത്. അതിൽ ഒന്നാമത്തേത് അരിയുടെ കാര്യമാണ്. .....(ബഹളം)..... ഞാൻ പറഞ്ഞത് കേരളത്തിലെ ജനങ്ങൾക്ക് ഒരു കൊല്ലത്തിൽ 32 ലക്ഷം ടൺ അരി വേണമെന്നാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്നത് 12 ലക്ഷം ടൺ അരിയാണ്. ബാക്കി 20 ലക്ഷം ടൺ അരിക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കണം. അതിൽ ശരാശരി 15 ലക്ഷം ടൺ അരി കേന്ദ്ര ഗവൺമെന്റ് റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യാൻവേണ്ടി തരുന്നു. ബാക്കി കുറെ അരി സിവിൽ സപ്ലൈസ് കോർപ്പറേഷൻ കൊണ്ടുവന്ന്, സംസ്ഥാന ഗവൺമെന്റ് നഷ്ടം സഹിച്ച് ഇവിടത്തെ മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യുന്നു. .....(ബഹളം)..... അതിനുശേഷം ബാക്കിയുള്ള അരി മാത്രമാണ് പ്രൈവറ്റായിട്ട് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് കച്ചവടം ചെയ്യുന്നത്. ഇവിടെ ഇപ്പോൾ അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കൊല്ലം കിലോക്ക് 3.42 രൂപ ആയിരുന്നു. അത് ഇക്കൊല്ലം ശരാശരി വില 3.83 ആയി വർദ്ധിച്ചു. അതായത് 12 ശതമാനം വർദ്ധനവ്. ഇവിടെ 3.83 ഉള്ളപ്പോൾ കർണ്ണാടകത്തിൽ 4.56 ആണ്. നമ്മളേക്കാൾ കൂടുതൽ അരി ഉണ്ടാക്കുന്ന സംസ്ഥാനമാണ്. കേരളത്തിൽ അരിയുടെ വില നിയന്ത്രിക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. മൂസ്സക്കുട്ടി: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതെല്ലാം സത്യവിരുദ്ധമായ കാര്യങ്ങളാണ്, വസ്തുതകൾക്ക് നിരക്കാത്ത കാര്യങ്ങളാണ്. കേന്ദ്ര ഭക്ഷ്യ സഹമന്ത്രി പാർലമെന്റിൽ പോലും ഈ രാജ്യത്ത് അരിക്ക് വില വർദ്ധിച്ചതിനെ സംബന്ധിച്ച് സമ്മതിച്ചിരിക്കുകയാണ്. 44 ശതമാനം വില വർദ്ധനവ് നിത്യോപയോഗ സാധനങ്ങൾക്ക് ഉണ്ടായിരിക്കുന്നുവെന്ന് കേന്ദ്ര ഭക്ഷ്യ സഹമന്ത്രി അവിടെ പറഞ്ഞത് കഴിഞ്ഞ ദിവസമാണ്. പക്ഷേ ഇവിടത്തെ ഭക്ഷ്യ മന്ത്രിക്ക് ഈ കാര്യങ്ങൾ ഒന്നും അറിഞ്ഞുകൂടാ. അദ്ദേഹം ഇതെല്ലാം നിഷേധിച്ചുകൊണ്ട് ഇവിടത്തെ കാര്യങ്ങൾ അറിയാതെ നടക്കുകയാണ്. 'പണ്ട് റോം കത്തിയെരിയുമ്പോൾ നീറോ ചക്രവർത്തി വീണ വായിക്കുന്നു' എന്നു പറഞ്ഞതുപോലെ ഈ രാജ്യത്താകെ വിലക്കയറ്റം കൊണ്ട് നട്ടം തിരിയുമ്പോൾ ഇവിടെ പൊതുവിതരണം സ്വകാര്യമേഖലയിൽ മൊത്ത വ്യാപാരികളെ ഏൽപ്പിച്ചുകൊണ്ട് കരിഞ്ചന്തയും പൂഴ്ത്തിവയ്പും നടത്താനുള്ള എല്ലാ സൗകര്യങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ഞാനീ പറഞ്ഞ അരി, പഞ്ചസാര, മണ്ണെണ്ണ എന്നീ മൂന്നു വസ്തുക്കൾക്കു മാത്രമല്ല വില വർദ്ധിച്ചിട്ടുള്ളത്. എല്ലാറ്റിനും വില കൂടിയിട്ടുണ്ട്. ഈ നിയമസഭ ആരംഭിച്ചിട്ട് ഒരു മാസം കഴിഞ്ഞു. ആ ഒരു മാസത്തിനു മുമ്പ് ഇവിടത്തെ ഓരോ സാധനത്തിന്റേയും വിലയെന്താ? നാലു രൂപ മുപ്പത്തു പൈസ ചമ്പാവരിയ്ക്ക് പൊതു മാർക്കറ്റിൽ വില ഉണ്ടായിരുന്നത് ഇന്ന് 5 രൂപ 20 പൈസയായി. ഏതാണ്ട് 20, 25 ദിവസം കൊണ്ട് എത്ര ശതമാനം വില വർദ്ധിച്ചു. അതിനു മുമ്പുള്ള വർദ്ധനവ് ഇരിക്കട്ടെ. ഒരു സാധനത്തിന്റെ കാര്യം മാത്രമല്ല, നമ്മുടെ നിത്യോപയോഗ സാധനങ്ങൾ ആകെ നോക്കണം. ഒരു കിലോ ഉള്ളിയ്ക്ക് രണ്ടുരൂപ ഉണ്ടായിരുന്നത് ഇപ്പോൾ അഞ്ചുരൂപയായിരിക്കുകയാണ്. അതുപോലെ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

മൂന്നു രൂപ ഉണ്ടായിരുന്ന ഉരുളക്കിഴങ്ങിന് ആറു രൂപയ്ണ്. 100 ശതമാനം വില വർദ്ധിച്ചിരിക്കുകയാണ്. പതിനെട്ടു രൂപ വിലയുണ്ടായിരുന്ന കടലയെണ്ണക്ക് ഇപ്പോഴം 24 രൂപയാണ്. ഇതൊന്നും ഈ മന്ത്രി അറിയുന്നില്ല. മുളക്, പയർ, പരിപ്പ്, വെളിച്ചെണ്ണ തുടങ്ങിയുള്ള എല്ലാ സാധനങ്ങൾക്കും വില വർദ്ധിച്ചിരിക്കുകയാണ്. പച്ചക്കറി, മാംസം ഇതിനെല്ലാം വില വർദ്ധിച്ചിരിക്കുകയാണ്. ഈ സ്ഥിതി വിശേഷം ഇവിടെ ഉണ്ടായിട്ട് യഥാർത്ഥത്തിൽ ഈ മന്ത്രി ഈ വിവരങ്ങളൊന്നും അറിയുന്നില്ല. മാവേലി സ്റ്റോറിൽ വില കൂട്ടിയിരിക്കുകയാണ്. 3.25 രൂപയാണ് അരിയുടെ വില. അതിനു മുമ്പ് അരിയുടെ വില എന്തായിരുന്നു? സഹകാര്യമേഖലയിലുള്ള കച്ചവടക്കാർക്ക് കരിഞ്ചന്ത നടത്താനും വില കൂട്ടാനും ഉള്ള സൗകര്യമാണ് ഇവിടെ ചെയ്തു കൊടുത്തിട്ടുള്ളത്. ഇവിടെ പഞ്ചസാരയുടെ കാര്യം പറഞ്ഞു. യഥാർത്ഥ ഉപഭോക്താക്കൾക്ക് മാവേലി സ്റ്റോറുകളം വഴി കൃത്യ സമയത്ത് പഞ്ചസാര എത്തിക്കുമെന്നുള്ള ലക്ഷ്യത്തോടുകൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. യഥാർത്ഥത്തിൽ ആ ഉത്തരവ് എന്താണ്? കഴിഞ്ഞ രണ്ടു മാസം മുമ്പാണ് ആ ഉത്തരവ് ഉണ്ടായത്. കിൻറലിന് 550 രൂപ വിലയുള്ള പഞ്ചസാര ഇഷ്ടം പോലെ ലോറിക്കണക്കിന് ആർക്കും കൊടുക്കുവാനുള്ള പരസ്യമായ ലൈസൻസാണ് കൊടുത്തിട്ടുള്ളത്. അതിന്റെ ഫലമായി മുഴുവൻ പഞ്ചസാരയും കരിഞ്ചന്തയിൽ പോകുന്നു. മാർക്കറ്റിൽ 720 രൂപ വച്ച് കരിഞ്ചന്തക്കാർ വില വാങ്ങി വിൽക്കുന്നു. പൂഴ്ത്തി വയ്ക്കുന്നതു കൊണ്ട് സാധാരണക്കാരനു പഞ്ചസാര ന്യായമായ വിലയ്ക്ക് കിട്ടുന്നില്ല. മുഴുവൻ പഞ്ചസാരയും കരിഞ്ചന്തയിൽ പോവുകയാണ്. അത് മന്ത്രി അറിയുന്നില്ല. ജില്ലാ വ്യവസായ ഓഫീസറുടെ സർട്ടിഫിക്കറുണ്ടായാൽ മാവേലി സ്റ്റോറുകളിൽ നിന്ന് ലോറിക്കണക്കിന് പഞ്ചസാര കൊടുക്കുന്നു. അങ്ങനെ റേഷൻസാധനങ്ങളും, ന്യായവില സാധനങ്ങളും മുഴുവനും സഹകാര്യ മേഖലയിൽ പോവുകയാണ്.

അതുപോലെതന്നെ മണ്ണെണ്ണയുടെ കാര്യം. ഇവിടെ പെട്രോളിൽ മായം ചേർക്കുന്നതിനുവേണ്ടി മണ്ണെണ്ണ മുഴുവൻ 3 രൂപ 50 പൈസയ്ക്ക് ഈ രാജ്യത്തെ മൊത്തക്കച്ചവടക്കാർ കൊണ്ടുപോവുകയാണ്. പെട്രോൾ ബങ്ക് സ്വന്തമായിട്ടുള്ള വ്യാപാരികളാണ് ഈ രംഗത്തുള്ളത്. അവർ 3 രൂപ 50 പൈസ കൊടുത്ത് മണ്ണെണ്ണ വാങ്ങിക്കുന്നു. അങ്ങനെ സാധാരണക്കാരനു ന്യായമായ വിലയ്ക്ക് മണ്ണെണ്ണ ലഭിക്കുന്നില്ല. ഇങ്ങനെ നമ്മുടെ ഇവിടത്തെ എല്ലാ സാധനങ്ങളും റേഷൻ കടകളം വഴി, മാവേലി സ്റ്റോറുകളം വഴിയെല്ലാം കരിഞ്ചന്തയിൽ പോകുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധാരണ ജനങ്ങൾക്ക് ആശ്വാസം ചെയ്യുന്നില്ല. വിലക്കയറ്റം നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യത്തിലല്ല, നേരെമറിച്ച് സഹകാര്യമേഖലയിലുള്ള കച്ചവടക്കാരെ എല്ലാ രൂപത്തിലും സഹായിക്കുന്നതിനുവേണ്ടിയാണ് ഈ കോർപ്പറേഷൻ ഉപകരിക്കുന്നത്. ഈ രൂപത്തിൽ ഇത് മുഴുവനും നശിപ്പിച്ചിരിക്കുകയാണ്. ഈ മന്ത്രി സഹകാര്യ മേഖലയ്ക്ക് അനുകൂലമായി പ്രവർത്തിക്കുകയാണ്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും ഇവിടെ നടക്കുകയാണ്. ഗുരുതരമായ ഈ അവസ്ഥാ വിശേഷം കേരളത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ ജീവൽ പ്രശ്നമാണ്. ഗുരുതരമായ ഈ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ സ്വാനടപടികം നിറുത്തിവയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി: (ശ്രീ. യു. എ. ബീരാൻ): സർ, മൂസ്സക്കുട്ടി ഇവിടെ പല കാര്യങ്ങളും പറഞ്ഞു. ഒരു കാര്യംകൊണ്ടും ഒന്നും തന്നെ ശരിയല്ല, അടിസ്ഥാനരഹിതമാണ്, വസ്തുതയ്ക്ക് നിരക്കാത്തതാണ്; അവിടെ ഇരുന്നുകൊണ്ട് എന്തിനാണ് അദ്ദേഹം അതു പറഞ്ഞതെന്ന് എനിക്ക് അറിയാൻ കഴിയുന്നില്ല. വിലക്കയറ്റം ഉണ്ടായിട്ടില്ലെന്നു ഞാൻ പറയുന്നില്ല. വിലക്കയറ്റം ഉണ്ടായിട്ടുണ്ട്. വിലക്കയറ്റം എന്ന വിഷയത്തെപ്പറ്റി യാതൊരു വിധത്തിലും ബാധിക്കാത്ത ഹോംസെയിൽ ഡിപ്പോയെ സംബന്ധിച്ചു ഇവിടെ പറഞ്ഞു. കഴിഞ്ഞ 21-ാം തീയതി വളരെ വ്യക്തമായിട്ട് ഞാൻ പറഞ്ഞതാണ്. അത് ഇവിടെ പറഞ്ഞുകഴിഞ്ഞ സ്ഥിതിക്കും അതും വിലക്കയറ്റവുമായിട്ട് യാതൊരു ബന്ധവുമില്ലാത്ത സ്ഥിതിക്കും അതിനെ സംബന്ധിച്ച് ഞാൻ ഒന്നും പറയുന്നില്ല. പക്ഷേ അരിയുടെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ കൊല്ലം 3.42 രൂപ ശരാശരി വില ഉണ്ടായിരുന്നത് ഇക്കൊല്ലം 3.83 രൂപയായിട്ട് വർദ്ധിച്ചു. 12 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പക്ഷേ വേറൊരു കാര്യം ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അരിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ട്. അതിന്റെ കണക്ക് ഞാൻ പറയാം. ഞാൻ കണക്കുകളൊന്നും മനസ്സിലാക്കുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്രമന്ത്രി പറഞ്ഞ കണക്കുകളൊക്കെ എനിക്കുമറിയാം. 1983-ൽ അരിവില വർദ്ധനവിന്റെ ശതമാനം 35 ആയിരുന്നു. 1984 ആയപ്പോൾ അത് ഇരുപത്തി മൂന്നരയായിട്ട് കുറഞ്ഞു. 1985 ആയപ്പോൾ പതിനാലര ശതമാനമായിട്ട് കുറഞ്ഞു. ഈ കൊല്ലം 12 ശതമാനമാണ്. വില കയറുകയാണോ കുറയുകയാണോ? കേന്ദ്രത്തിലെ മന്ത്രി പറഞ്ഞ കണക്ക് മൂസ്സക്കുട്ടി പറഞ്ഞു. അഖിലേന്ത്യാടിസ്ഥാനത്തിൽ ഉള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിൽ 1960 ബേസ് ഇയർ ആയിട്ടുള്ള കണക്കനുസരിച്ച് 1985-86-ൽ വിലസൂചിക 600 ആയി. 1984-85-ൽ 651 ആയി വർദ്ധിച്ചു. 8.5 ശതമാനം വിലക്കയറ്റം അഖിലേന്ത്യാടിസ്ഥാനത്തിൽ ഉണ്ടായിട്ടുണ്ട്. അതേസമയം ആ കറസ്പോണ്ടിംഗ് ഇയറിൽ കേരളത്തിൽ എന്തു സംഭവിച്ചു? കേരളത്തിൽ 1985 മേയ് മാസത്തിൽ അടിസ്ഥാന വർഷം 1980 എന്ന കണക്ക് അനുസരിച്ച് ഉപഭോക്തൃ വിലസൂചിക 314 ആയിരുന്നു. അത് 1986 മേയ് മാസത്തിൽ 330 ആയി വർദ്ധിച്ചു. പക്ഷേ ഇൻഫ്ളേഷൻ റേറ് അഖിലേന്ത്യാടിസ്ഥാനത്തിൽ 8.5 ശതമാനമാണെങ്കിൽ കേരളത്തിലേത് 5 ശതമാനമാണ്. അപ്പോൾ കുറവാണ്. അതായത് 1986-ൽ തന്നെ ജനുവരിയിൽ 323, ഫെബ്രുവരിയിൽ 328, മാർച്ചിൽ 330, ഏപ്രിലിൽ 332, മേയിൽ 336. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള കണക്കാണ്. ഇൻഡ്യാ ഗവൺമെൻറ് പറഞ്ഞ കണക്കാണ് മൂസ്സക്കുട്ടി പറഞ്ഞത്. ഉരുളക്കിഴങ്ങിന് നാടൊട്ടാകെ വില കൂടിയിട്ടുണ്ട്. പച്ചക്കറിക്കും പയറു വർഗ്ഗങ്ങൾക്കും വില വർദ്ധിച്ചിട്ടുണ്ട്. ഇതാരും നിഷേധിക്കുന്നില്ല. ഉരുളക്കിഴങ്ങിന്റെ വില ക്രമാതീതമായി വർദ്ധിച്ചിട്ട് കേന്ദ്ര ഗവൺമെൻറിന്റെ സിവിൽ സപ്ലൈസ് സെക്രട്ടറി നമ്മുടെ ചീഫ് സെക്രട്ടറിക്ക് കത്തെഴുതിയിരിക്കുകയാണ്. ഉരുളക്കിഴങ്ങിന്റെ വില നിയന്ത്രിക്കണമെന്നു പറഞ്ഞാണ് എഴുതിയിരിക്കുന്നത്. എന്നിട്ട് അതിന്റെ വില നിയന്ത്രിക്കാൻ ഞങ്ങൾ നടപടിയെടുത്തു. ഉരുളക്കിഴങ്ങിന്റെ വില കേരളത്തിൽ 1985 ജൂണിൽ 2.74 രൂപയായിരുന്നു. 2.74 രൂപയ്ക്ക് കിട്ടിക്കൊണ്ടിരുന്ന ഉരുളക്കിഴങ്ങിന്റെ വില 6.40 രൂപ ആയപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉദ്യോഗസ്ഥൻമാരെ ഉരുളക്കിഴങ്ങ് ഉണ്ടാക്കുന്ന സ്ഥലമായ ഊട്ടിയിലേക്ക് അയച്ചു. എന്നിട്ട് അവിടന്ന് നാലു രൂപയ്ക്ക് വാങ്ങി

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ കൊണ്ടുവന്ന് നാലര രൂപയ്ക്ക് വിൽക്കാൻ തീരുമാനിച്ചു. അപ്പോഴും വില കുറഞ്ഞു. വില കുറഞ്ഞതുകൊണ്ട് അങ്ങനെ ചെയ്യേണ്ട എന്നു തീരുമാനിച്ചു. 100 ടൺ ഉരുളക്കിഴങ്ങ് വാങ്ങിക്കൊണ്ടുവരുവാൻ വേണ്ടി പോയതായിരുന്നു. ഇപ്പോഴും ഉരുളക്കിഴങ്ങിന്റെ വില കുറഞ്ഞു. അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ ഉരുളക്കിഴങ്ങിന് വില വർദ്ധിച്ചിട്ടുണ്ട്. 4.63 രൂപയാണ് അവിടെ ഒരു കിലോഗ്രാം ഉരുളക്കിഴങ്ങിന്റെ വില.

പയർ വർഗ്ഗങ്ങളും ഇവിടെ പത്തു ശതമാനമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. മദ്ധ്യപ്രദേശിൽനിന്നും മറ്റുഭാഗത്തുനിന്നും കൊണ്ടുവന്നിട്ടാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽക്കുന്നത്. അങ്ങനെ അരിയുടെ കാര്യത്തിൽ മാത്രം ഞാൻ പറഞ്ഞു, 1983–ൽ വർദ്ധനവ് 35 ശതമാനമായിരുന്നത് കുറച്ചുകുറച്ചു കൊണ്ടുവന്നിട്ടുണ്ട് എന്ന്. ഇങ്ങനെ കുറച്ചു കുറച്ചു കൊണ്ടുവന്നത് ഇവിടെ റേഷൻ വിതരണത്തിലൂടെയും അതിനു സമാന്തരമായി സിവിൽസപ്ലൈസ് കോർപ്പറേഷൻ ഔട്ടുലെറ്റുകളിലൂടെയും ഗവൺമെന്റ് നഷ്ടം സഹിച്ചുകൊണ്ട് 3 രൂപ 25 പൈസക്ക് വിറ്റതിന്റെ ഫലമായി—പ്രൈവറ്റ് മാർക്കറ്റിൽ ഡിമാന്റ് കുറഞ്ഞു. അതുകൊണ്ടാണ് പ്രൈവറ്റ് മാർക്കറ്റിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വില കൂടാത്തത്. നമ്മളേക്കാൾ കൂടുതൽ അരി ഉൽപ്പാദിപ്പിക്കുന്ന തമിഴ്നാട്, കർണ്ണാടക മുതലായ സംസ്ഥാനങ്ങളെ അപേക്ഷിച്ച് 60 ശതമാനം കമ്മിയായിട്ടുള്ള കേരളത്തിൽ അരിയുടെ വില കുറച്ചുകുറച്ചു കൊണ്ടുവരാൻ കഴിഞ്ഞ മൂന്നുനാലു കൊല്ലക്കാലത്തിനിടയ്ക്ക് കേരള ഗവൺമെന്റിനു കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം ഇവിടെ മാത്രമല്ല, കർണ്ണാടകത്തിലുണ്ട്, ഇൻഡ്യയിലുണ്ട്, ലോകത്തെല്ലായിടത്തുമുണ്ട്. കമ്മ്യൂണിസ്റ്റ് രാജ്യമായ യുഗോസ്ലാവിയയിലെ കഴിഞ്ഞ കൊല്ലത്തെ ഇൻഫ്ളേഷൻ റേറ്റ് 80 ശതമാനമാണ്. അവിടെ സ്വാതന്ത്ര്യമില്ല. കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യ ഭരണത്തിൻകീഴിൽ അവിടത്തെ ഇൻഫ്ളേഷൻ ശതമാന നിരക്ക് 80 ശതമാനമാണു സർ. അപ്പോഴും ഇവിടെ 5 ശതമാനമാണ്. ഇവിടെ വിലക്കയറ്റമുണ്ടായിട്ടില്ലായെന്നു ഞാൻ പറയുന്നു. അതുകൊണ്ട് അടിയന്തിര പ്രമേയം ഇവിടെ ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, ഇവിടെ അരിക്ക് വില കയറി, പയറിനു വില കയറി, ഉള്ളിക്കു വില കയറി എന്നൊക്കെ മന്ത്രിതന്നെ സമ്മതിച്ചുകഴിഞ്ഞു. എല്ലാ സാധനങ്ങൾക്കും വില കയറി. ഇന്നു രാവിലെ ഗവൺമെന്റ് വാങ്ങിയ പഞ്ചസാരയുടെ വില 6 രൂപ 25 പൈസയാണ്. അപ്പോഴും എല്ലാത്തിനും മന്ത്രി സമ്മതിച്ച ഒരു വസ്തുത ഉണ്ട്. അതുകൊണ്ട് ഈയവസരത്തിൽ നമ്മൾ ഇത് ചർച്ചചെയ്യണം. വില വർദ്ധനവ് ഇവിടെ ഉണ്ടായത് വിതരണസമ്പ്രദായം കുറഞ്ഞതുകൊണ്ടാണ്. കരിഞ്ചന്തക്കാരും പൂഴ്ത്തിവയ്പുകാരും ജനങ്ങൾക്ക് നാറിയ അരിയാണു കൊടുക്കുന്നത്. റേഷൻകട വഴിക്കും ന്യായവില ഷോപ്പു വഴിക്കും നാറിയ അരി 3 രൂപ 95 പൈസയ്ക്കും 3 രൂപ 50 പൈസയ്ക്കുമാണ് കൊടുക്കുന്നത്. പുറത്ത് അത് നാലര, അഞ്ചര രൂപയ്ക്കാണു വിൽക്കുന്നത്. അത് നിയന്ത്രിക്കാൻ സാധിച്ചിട്ടില്ല. മന്ത്രിതന്നെ സമ്മതിച്ചു

LIBRARY ARCHIVES Kerala Legislative Assembly

അരിക്കു വില കയറി, കാരണം കേരളത്തിൽ അരിയുല്പാദനം കുറവായതുകൊണ്ട്. അതുകൊണ്ട് ഇത് ചർച്ചചെയ്യണം. ചർച്ച അനുവദിക്കാത്തതിൽ പ്രതിഷേധിച്ചു ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

((ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. കേരളത്തിൽ വിലകൂടി, നാട്ടിലാകെ വില കൂടി, കേരളത്തിലെ ജനങ്ങളുടെ മുഖ്യ ക്ഷ്യാഹാരമായ അരി ഉൾപ്പെടെ എല്ലാ സാധനങ്ങളുടെയും വില കൂടി എന്നാണു മന്ത്രി പറഞ്ഞത്. പഞ്ചസാരയുടെ വില ഇവിടെ പറഞ്ഞത് തെറ്റാണ്. ആ വിലയ്ക്കൊന്നും ഇപ്പോൾ മാർക്കറ്റിൽ ചെന്നാൽ പഞ്ചസാര കിട്ടുകയില്ല. അത്തരത്തിലുള്ള ഒരു വിഷയം ഈ ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്വമല്ലായെന്നും കേന്ദ്രഗവൺമെന്റിന്റെകൂടിയാണെന്നും പറഞ്ഞു. തീർച്ചയായും കേന്ദ്രഗവൺമെന്റിനും കേരളത്തിലെ ജനങ്ങളുമായി ബന്ധമുള്ളതാണല്ലോ. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഉത്തരവാദിത്വമാണോ, കേരളഗവൺമെന്റിന്റെ ഉത്തരവാദിത്വമാണോ ഇത് എന്നുള്ളതിനെക്കുറിച്ച് വിശദമായിട്ട് ചർച്ച ചെയ്യണം. ഈ ചർച്ചയ്ക്ക് അവസരം നിഷേധിച്ച മന്ത്രിയുടെയും ഗവൺമെന്റിന്റേയും നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

((ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ജനങ്ങളെ ഗുരുതരമായി ബാധിക്കുന്ന ഗൗരവമുള്ള പ്രശ്നമാണ് സഭയുടെ മുമ്പാകെ ഞങ്ങൾ കൊണ്ടുവന്നത്. മന്ത്രിതന്നെ വില കുറഞ്ഞുവെന്നു പറഞ്ഞില്ല. കൂടിയെന്നേ പറഞ്ഞുള്ളൂ. 1960-ലെ ബേസിക് ഇയർ എടുത്തുകൊണ്ട് കേന്ദ്രത്തിൽ 8 ശതമാനം, 1970-ലെ ബേസിക് ഇയർ വച്ചുകൊണ്ട് കേരളത്തിൽ 5 ശതമാനം. പത്തുകൊല്ലത്തെ കണക്ക് എവിടെ പോയി സർ? ഈ സഭയേയും ജനങ്ങളേയും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് നിരുത്തരവാദപരമായി കള്ളക്കണക്കു വച്ചുകൊണ്ട് ആളുകളെ കളിപ്പിക്കാനുള്ള ഒരു മറുപടിയാണു പറഞ്ഞത്. അതുകൊണ്ടുതന്നെ, ജനങ്ങൾ വസ്തുത അറിയേണ്ടതാണ്, ഈ ചർച്ച അനുവദിക്കേണ്ടതാണ്. ചർച്ചയ്ക്ക് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

((ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. ബേബി ജോൺ: സർ, എനിക്ക് ഈ ഗവൺമെന്റിനോട് വാസ്തവത്തിൽ സഹതാപമാണ്. ജനങ്ങളെ മൊത്തത്തിൽ ബാധിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് ഇത്ര ലാഘവത്തോടുകൂടി ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഒരു പ്രസ്താവന ചെയ്തത് വാസ്തവത്തിൽ നിർഭാഗ്യകരമാണ്. ആരെയോ സഹായിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

യുള്ള ഒരു പ്രസ്തുതനയാണിത്. ഉരുളക്കിഴങ്ങിന്റെ വില 2 രൂപ 40 പൈസയായിരുന്നത് ഇപ്പോൾ 6 രൂപ 50 പൈസയായി കുറഞ്ഞു എന്നു പറഞ്ഞാൽ എന്തു ചെയ്യും സർ? പുതിയ ഒരു സിദ്ധാന്തമാണത്. അത് എനിക്കു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഓരോ വർഷവുമുള്ള കണക്ക്. ഒരു വർഷം 50 ശതമാനമായിരുന്നത് പിന്നത്തെ വർഷം 15 ശതമാനമായി കൂടി. മന്ത്രിയുടെ കണക്ക് 15 ശതമാനം കുറഞ്ഞുവെന്നുള്ളതാണ്. നമ്മുടെ നാടിനെ ബാധിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് സഭയിലുള്ള എല്ലാവരുംകൂടിയിരുന്ന് ചർച്ചചെയ്യേണ്ടതായ ബാദ്ധ്യതയുണ്ട്. നിങ്ങൾ മറച്ചുപിടിക്കുന്ന സമ്പ്രദായം ഈ നാട്ടിലെ ജനങ്ങളോടു ചെയ്യുന്ന ദ്രോഹമാണ്. അതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

ശ്രീ. കെ. ചന്ദ്രശേഖരൻ: ക്ഷീരവികസനവകുപ്പു മന്ത്രി ശ്രീ. യു. എ. ബീരാന്റെ പെർഫോർമൻസാണു സർ, ഈ വിലക്കയറ്റം ഉണ്ടായിയെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവ്. സാധാരണഗതിയിൽ വളരെയധികം പകയതയോടുകൂടി പെരുമാറുന്നതായിട്ടുള്ള എന്റെ സുഹൃത്താണ് ബീരാൻ. എന്നാൽ ഇന്ന് അദ്ദേഹത്തിന്റെ ബാലൻസെല്ലാം തെറ്റി. അതിനെന്താ കാരണം, ഈ വിലക്കയറ്റമാണു സർ: ഈ വിലക്കയറ്റത്തെ ഇന്ന് അദ്ദേഹത്തിന് നേരിടാൻ കഴിയുന്നില്ല. നേരിടാൻ സാധിക്കാതെ വന്നപ്പോൾ അദ്ദേഹത്തിന്റെ സമനില തെറ്റി. സമനിലതെറ്റിയിട്ട് അദ്ദേഹം എവിടംവരെ പോയി? അയൽസ്റ്റേറ്റായ കർണ്ണാടകവും പിന്നെ പശ്ചിമബംഗാളും വരെ പോയി. ഇല്ലസ്ട്രേറ്റഡ് വീക്ക്ലി, ഇൻഡ്യ ടുഡേ, സൺഡേ, മലയാളമനോരമയുടെ വീക്ക് മുതലായവയെല്ലാം കർണ്ണാടകത്തെ മാതൃകാ സംസ്ഥാനമായും കർണ്ണാടക മുഖ്യമന്ത്രി രാമകൃഷ്ണ ഹെഗ്ഡേയെ മാതൃകാ മുഖ്യമന്ത്രിയായുമാണ് ചിത്രീകരിച്ചിട്ടുള്ളതെന്ന് ഇതൊക്കെ ഒന്നു വായിച്ചുനോക്കിയാൽ മനസ്സിലാകും. ബഹുമാനപ്പെട്ട ബീരാന്റെ കണക്കനുസരിച്ചുള്ള കാര്യങ്ങൾ ഏതാണു ശരി, ഏതാണു തെറ്റ് എന്നുള്ള കാര്യത്തെപ്പറ്റി ഞാൻ നാളെയോ മറ്റന്നാളോ അദ്ദേഹത്തോട് പറഞ്ഞുകൊള്ളാം. ഇപ്പോൾ ഞാൻ ഇതിനെപ്പറ്റി ഒന്നും പറയുന്നില്ല. എനിക്ക് അദ്ദേഹത്തോട് ഒന്നേ അപേക്ഷിക്കാനുള്ളൂ. ഓപ്പൺ മാർക്കറ്റിലെ പഞ്ചസാരയുടെ വില അദ്ദേഹം പറഞ്ഞതൊന്നുമല്ല. ഓപ്പൺ മാർക്കറ്റിൽ അതിന്റെ വില വളരെ കൂടുതലാണ്. അദ്ദേഹം പറഞ്ഞതായിട്ടുള്ള വിലയ്ക്ക് എനിക്ക് 100 രൂപക്ക് പഞ്ചസാര കിട്ടിയാൽ വേണ്ടില്ല. ഞാൻ 100 രൂപ കൊടുക്കാൻ തയ്യാറാണ്. അദ്ദേഹത്തിന്റെ ഈ പെർഫോർമൻസിൽ അങ്ങേയറ്റം പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് ഇറങ്ങിപ്പോയി)

LIBRARY ARCHIVES Kerala Legislative Assembly